# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6095 — 09/07/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലോവർ ഡിവിഷൻ ക്ലർക്ക് വിജ്ഞാപനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. കെ.എസ്.സലീഖ | മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർവ്വീസിലേക്കുള്ള ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേക്കുള്ള പിഎസ്.സി. വിജ്ഞാപനം നാളിതുവരെ പുറപ്പെടുവിക്കാത്തത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേയ്ക്ക് എല്ലാ വകുപ്പുകളിലേയ്ക്കും ഒന്നിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുന്ന വിധത്തിൽ ഒരു ഏകീകൃത യോഗ്യത നിശ്ചയിക്കുവാൻ പി.എസ്.സി. സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) ആയതുപോലെ സംസ്ഥാനത്തെ ഏതെല്ലാം തസ്തികകളിലേക്കുള്ള വിജ്ഞാപനങ്ങളാണ് നാളിതുവരെ പുറപ്പെടുവിക്കാതെ പി.എസ്.സി. തടഞ്ഞു വച്ചിട്ടുള്ളത് എന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ; | (ബി) സ്പെഷ്യൽ റൂൾസും സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള എക്സിക്യൂട്ടീവ് ഓർഡറുകളുമുള്ള എല്ലാ തസ്തികകൾക്കും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. വിവിധ കോടതി വിധികളും സ്പെഷ്യൽ റൂൾസ് ഭേദഗതികളും മറ്റും ക്രോഡീകരിച്ച് സസൂക്ഷ്മം പരിശോധിച്ച് കുറ്റമറ്റ രീതിയിൽ വിജ്ഞാപനങ്ങൾ തയ്യാറാക്കുവാൻ അനിവാര്യമായ കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ. |
| (സി) ഇത്തരത്തിൽ പരീക്ഷാ വിജ്ഞാപനങ്ങൾ തടഞ്ഞുവച്ചിട്ടുള്ളതുമൂലം പി.എസ്.സി. നേരത്തെ പ്രഖ്യാപിച്ച തീയതികളിൽ പരീക്ഷ നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കാനും പ്രഖ്യാപിച്ച തീയതികളിൽ തന്നെ പരീക്ഷ നടത്താനും പി.എസ്.സി.യും സർക്കാരും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (സി) നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള തീയതികളിൽ പരീക്ഷ നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) ഇപ്പോൾ പ്രഖ്യാപിച്ച പരീക്ഷാ | (ഡി) പി.എസ്.സി. നടത്താൻ |

| | |
|---|---|
| തീയതികളും തസ്തികകളും വ്യക്തമാക്കുമോ; | നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾ മുൻകൂട്ടി (അതായത് പരീക്ഷാ തീയതിക്ക് രണ്ട് മാസം മുമ്പ് തന്നെ) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പരീക്ഷാ കലണ്ടർ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) നാളിതുവരെ എൽ.ഡി.സി. തസ്തികയ്ക്ക് അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. ആയിരുന്നത് ഹയർ സെക്കന്ററി ആക്കുകയും തുടർനടപടികൾ യഥാസമയം സ്വീകരിക്കാതിരിക്കുകയും ആയതുമൂലം ഉദ്യോഗാർത്ഥികൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതും, പരീക്ഷ യഥാസമയം നടക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്തുണ്ടാകുന്ന ഒഴിവുകളിൽ നിയമനം തടയുന്ന സ്ഥിതിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) സംസ്ഥാനത്തെ ഒഴിവുകളിൽ യഥാസമയം നിയമനം ലഭ്യമാക്കാൻ ഒഴിവുകൾക്കുള്ള പി.എസ്.സി. വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എഫ്) വിവിധ തസ്തികകളിലെ തിരഞ്ഞെടുപ്പിനായി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിന് അകാരണമായ കാലതാമസം ഇപ്പോൾ ഉണ്ടാകുന്നില്ല. |
| (ജി) പി.എസ്.സി. പുറപ്പെടുവിച്ച നിലവിലെ ലിസ്റ്റുകളിൽ അൻപത് ശതമാനത്തിൽ കുറച്ചുമാത്രം നിയമനം നൽകിയിട്ടുള്ള തസ്തിക തിരിച്ചുള്ള ലിസ്റ്റുകൾ ഏതെല്ലാം; അവയുടെ കാലാവധി എന്നുവരെ എന്നത് വ്യക്തമാക്കുമോ ? | (ജി) ഇത്തരത്തിലുള്ള കണക്ക് പി.എസ്.സി. സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**